പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1845 11.2.2013-ൽ മറുപടിക്ക്

## ക്ഷേമ പെൻഷനുകളുടെ അപേക്ഷകൾ പാസ്സാക്കുന്നതിന് സമയപരിധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ബാബു എം.പാലിശ്ശേരി | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) | പഞ്ചായത്തുകളിൽ ലഭിക്കുന്ന വിവിധ ക്ഷേമ പെൻഷനുകളുടെ അപേക്ഷ കൾ പാസ്സാക്കുന്നതിന് സർക്കാർ, സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; | എ) | സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. ഓരോ വിഭാഗം ക്ഷേമപെൻഷനുകളുടേയും അപേക്ഷകളിന്മേൽ തീരുമാനം എടുക്കുന്നതിന് ചുവടെ പറയും പ്രകാരം സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.<br>1) വാർദ്ധക്യകാലപെൻഷൻ -അപേക്ഷ ലഭിച്ച് 75 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്<br>2) കർഷകത്തൊഴിലാളി പെൻഷൻ - അപേക്ഷ ലഭിച്ച് 45 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്<br>3) വികലാംഗ പെൻഷൻ - അപേക്ഷ ലഭിച്ച് 60 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്.<br>4) 50 വയസ്സിൻമേൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ - അപേക്ഷ ലഭിച്ച് 60 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്.<br>5) വിധവാ പെൻഷൻ- അപേക്ഷ ലഭിച്ച് 60 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്. |
| ബി) | 2012 ഡിസംബർ 31 വരെ ഏതൊക്കെ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിലാണ് വീഴ്ച വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | ബി) | സർക്കാർ അലോട്ട്മെന്റ് ലഭിച്ച പ്രകാരം ക്ഷേമപെൻഷനുകളുടെ വിതരണം നടത്തിയിട്ടുണ്ട്. |
| സി) | ക്ഷേമ പെൻഷനുകൾ കുടിശ്ശിക വരുത്തിയിട്ടുള്ളത് എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | സി) | സർക്കാരിൽ നിന്നും അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ